**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1980** | **04.11.2019** - ൽ മറുപടിക്ക് |
|---|---|

## റീബിൽഡ് കേരളയിലെ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജോർജ് എം. തോമസ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) റീബിൽഡ് കേരള പദ്ധതിയിൽ ഏതെല്ലാം മേഖലയിലെ പദ്ധതികൾ ഏറ്റെടുക്കുന്നതിനാണ് തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | പ്രളയ ദുരന്തത്തിൽനിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായും അവസരമായും കണ്ട്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്ന വിധം കരുത്തോടെ കേരളത്തെ പുനർനിർമിക്കുക എന്നത് ലക്ഷ്യമിട്ട് കേരള പുനർനിർമാണ വികസന പരിപാടി (Rebuild Kerala Development Program, RKDP) -ക്ക് രൂപം നൽകിയിട്ടുണ്ട്<br>പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലൂന്നിയുള്ള പുനർനിർമ്മാണം സാധ്യമാക്കുന്നതിന് ഉതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ടു കിടക്കുന്നതുമായ (cross cutting) നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട |
| (ബി) ആയതിലേയ്ക്ക് തെരഞ്ഞെടുക്കുന്ന മേഖലകളും പദ്ധതികളും നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ? | | |

നിക്ഷേപ പദ്ധതികൾ തുടങ്ങിയവ RKDP യിൽ ഉൾപ്പെടുന്നു. ഭൂവിനിയോഗം, സംയോജിത ജലവിഭവ പരിപാലനം, ജീവനോപാധി, ഗതാഗതം, മത്സ്യബന്ധനം, വനം, ജലവിതരണം, മൃഗസംരക്ഷണവും ക്ഷീരവികസനവും, നഗരവികസനം, റോഡുകളും പാലങ്ങളും , കൃഷി തുടങ്ങിയ മേഖലകളിലെ വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലേക്ക് വഴികാട്ടാൻ ഉതകുന്ന പദ്ധതികൾക്കാണ് മുൻഗണന നൽകുന്നത്.

സെക്ഷൻ ഓഫീസർ